(സി) പ്രസ്തുത പദ്ധതിക്കുള്ള സ്ഥലം ഫിഷറീസ് വകുപ്പിന് ലഭ്യമാകുന്ന മുറയ്ക്ക് പദ്ധതിയുടെ തുടർ നടപടികൾ സ്വീകരിക്കുവാനും പദ്ധതി എത്രയും വേഗം പൂർത്തിയാക്കാനും നടപടി സ്വീകരിക്കുന്നതാണ്.

കോഴിക്കോട് 1-ാം നിയോജക മണ്ഡലത്തിലെ ഫിഷറീസ് വകുപ്പിന്റെ പദ്ധതികൾ

233(525) ശ്രീ. എ. പ്രദീപ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കോഴിക്കോട് 1-ാം നിയോജക മണ്ഡലത്തിൽ ഫിഷറീസ് വകുപ്പ് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചു നടപ്പിലാക്കിയതെന്ന് വിശദമാക്കുമോ;

(ബി) ഓരോ പദ്ധതികളുടെ പേരും അടങ്കൽ തുകയും ഇപ്പോഴത്തെ അവസ്ഥയും മറ്റു വിശദാംശങ്ങളും വ്യക്തമാക്കുമോ?

ഉത്തരം

(എ) 1. ദേശീയ മത്സ്യത്തൊഴിലാളി ക്ഷേമ ഫണ്ട് ഉപയോഗിച്ചുള്ള ഭവന നിർമ്മാണ പദ്ധതി.

2. ദേശീയ മത്സ്യത്തൊഴിലാളി ക്ഷേമ ഫണ്ട് ഉപയോഗിച്ചുള്ള സമ്പാദ്യ ആശ്വാസ പദ്ധതി

3. സുനാമി പുനരധിവാസ പദ്ധതിയിൽ ഉൾപ്പെടുത്തി തീരമൈത്രി സൂപ്പർ മാർക്കറ്റ് സ്ഥാപിക്കൽ

4. സുനാമി പുനരധിവാസ പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിക്കപ്പെട്ട വെള്ളയിൽ കമ്മ്യൂണിറ്റി റിസോഴ്സ് സെന്റർ

5. സുനാമി അടിയന്തിര സഹായ പദ്ധതിയിൽ ഉൾപ്പെടുത്തി സാഫ് മുഖേന നടപ്പിലാക്കിയ ചെറുകിട സംരംഭങ്ങൾക്ക് ധനസഹായം നൽകുന്ന പദ്ധതി (DME).

6. ഉൾനാടൻ ജലാശയങ്ങളിൽ മത്സ്യക്കുഞ്ഞു നിക്ഷേപിക്കുന്ന പദ്ധതി

7. ടി.ആർ.പി./പി.എം.എൻ.ആർ. എഫ്. പദ്ധതിയുടെ ഭാഗമായി മത്സ്യത്തൊഴിലാളികൾക്ക് കടൽ സുരക്ഷാ കിറ്റ് വിതരണം ചെയ്യുന്ന പദ്ധതി.

അഡാക്ക് മുഖേന നടപ്പിലാക്കിയവ

കല്ലിമ്മക്കായ ഡെപ്യൂറേഷൻ യൂണിറ്റ്

മത്സ്യഫെഡ് മുഖേന നടപ്പിലാക്കിയവ

1. വർക്കിംഗ് ക്യാപിറ്റൽ ഫോർ റിവോൾവിംഗ് ഫണ്ട്.

(ബി) അനുബന്ധമായി ചേർത്തിരിക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly